**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2173** **11.02.2020 -ൽ മറുപടിക്ക്**

**<u>സമഗ്ര ആംബുലൻസ് പദ്ധതി</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **ശ്രീ.എം. സ്വരാജ്**<br>**ശ്രീ. ബി.സത്യൻ**<br>**ശ്രീ സി.കൃഷ്ണൻ**<br>**ശ്രീ.ജോർജ് എം. തോമസ്** | **കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സമഗ്ര ട്രോമാ കെയർ പദ്ധതിയുടെ ഭാഗമായി ജീവൻരക്ഷയ്ക്കായി സമഗ്ര ആംബുലൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | സമഗ്ര ട്രോമാ കെയർ പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ കീഴിൽ കനിവ് 108 ആംബുലൻസ് സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല ആരെയാണ് ഏല്പിച്ചിരിക്കുന്നതെന്നും പദ്ധതിയുടെ ഭാഗമായി ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ എന്നും അറിയിക്കാമോ; | (ബി) | 108 ആംബുലൻസിന്റെ നടത്തിപ്പ് ചുമതല കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെയാണ് ഏൽപിച്ചിരിക്കുന്നത്. ജി.വി.കെ ഇ.എം.ആർ.ഐ എന്ന കമ്പനിയുമായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് 5 വർഷത്തേക്ക് കരാറിൽ ഏർപ്പെട്ടിരിക്കുന്നു. പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ബേസിക് ലൈഫ് സപ്പോർട്ടുമായി ബന്ധപ്പെട്ട പരിശീലനം നൽകുന്നതിനും ജി.വി.കെ ഇ.എം.ആർ.ഐ എന്ന കമ്പനിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. |
| (സി) | സമഗ്ര ആംബുലൻസ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി ആശുപത്രികളിൽ നോഡൽ ഓഫീസർമാരെ നിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി ബേസിക് ലൈഫ് സപ്പോർട്ട് (ബി.എൽ.എസ്.) സംവിധാനമുള്ള എത്ര ആംബുലൻസുകളാണ് നിരത്തിലിറക്കാൻ ഉദ്ദേശിക്കുന്നതെന്ന വ്യക്തമാക്കാമോ? | (ഡി) | കനിവ് 108 ആംബുലൻസിന്റെ ഭാഗമായി 315 ബേസിക് ലൈഫ് സപ്പോർട്ട് (ബി.എൽ.എസ്.) ആംബുലൻസുകളാണ് നിരത്തിലിറക്കുവാൻ ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**